# File No.LSGD-RA1/276/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം ആർഎ1/276/2020-തസ്വഭവ
തദ്ദേശ സ്വയംഭരണ (ആർഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 25/09/2020

**പരിപത്രം**

വിഷയം:- കെട്ടിടങ്ങളിൽ ചില്ല് വാതിലുകളും മറ്റും നൽകുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ- സംബന്ധിച്ച്

സൂചന:- മുഖ്യനഗരാസൂത്രകൻ (ആസൂത്രണം) ന്റെ 4.8.2020 ലെ TCPCTP/2709/2019 E3 നമ്പർ കത്ത്

**********************

കെട്ടിടങ്ങളിൽ വാതിലുകളും പാർട്ടീഷനുകളും മറ്റും നൽകുമ്പോൾ ഉപയോഗിക്കുന്ന ചില്ലിന്റെ സുതാര്യതയും പോരായ്മയും മൂലം ഇവ ഉണ്ടെന്നുള്ള പ്രതീതി ഉളവാകാത്തത് അപകടസാധ്യതകൾ വർദ്ധിപ്പിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ കെട്ടിടങ്ങളിൽ വാതിലുകൾക്കും പാർട്ടീഷനുകൾക്കും മറ്റുമായി ചില്ല് ഉപയോഗിക്കുന്ന സാഹചര്യങ്ങളിൽ അപകടസാധ്യത പരമാവധി ഒഴിവാക്കുന്നതിനായി, ഇത്തരം ചില്ലുകൾ രൂപകല്പനയിലും ഗുണനിലവാരത്തിലും താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്.

1. ചില്ലുപയോഗിച്ച് വാതിലുകൾ, പാർട്ടീഷനുകൾ മുതലായവ നൽകുമ്പോൾ Toughened glass അല്ലെങ്കിൽ Laminated glass എന്നിവ മാത്രമാണ് ഉപയോഗിക്കുന്നത്.

2. ഇത്തരം ചില്ല് പ്രതലങ്ങൾ അവിടെ സ്ഥാപിച്ചിട്ടുണ്ടെന്ന് തിരിച്ചറിയാൻ കഴിയുന്ന വിധത്തിൽ അറിയിപ്പുകൾ, സന്ദേശങ്ങൾ, സൂചികകൾ മുതലായവ ഉൾക്കൊള്ളിച്ച സ്റ്റിക്കറുകളോ സമാനമായ മറ്റു വസ്തുക്കളോ പതിച്ചിട്ടുണ്ട്.

3. ഏതു ദിശയിലേക്കാണ് ചില്ലുവാതിൽ തുറക്കുന്നത് എന്ന് വ്യക്തമാകത്തക്ക രീതിയിൽ വാതിലിൽ മതിയായ വലുപ്പത്തിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട്.

4. 2019 ലെ മുനിസിപ്പാലിറ്റി/ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 6(10) പ്രകാരം ഉയരമുള്ള കെട്ടിടങ്ങളിൽ (High Rise Buildings) ചില്ല് ഉപയോഗിക്കുമ്പോൾ Guidelines for Use of Glass in Buildings – Human Safety 2015 ലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ട്.

**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

1 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
2 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3 ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം

4 ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)
5 ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)
6 റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യം (കൊല്ലം, കൊച്ചി, കോഴിക്കോട്)
7 എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേനെ)
8 എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേനെ)
9 എല്ലാ ജില്ലാ നഗരാസൂത്രകർക്കും (മുഖ്യ നഗരാസൂത്രകൻമുഖേനെ)
10 എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ (വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനായി)
11 വെബ് & ന്യൂ മീഡിയ, ഐ &പി.ആർ.ഡി
12 സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

1 ബഹു:തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2 ബഹു:തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (അർബൻ) യുടെ പി.എ.യ്ക്ക്
3 തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്
4 തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറിയ്ക്ക്
5 തദ്ദേശസ്വയംഭരണ (ആർ.എ2, ആർ.എ3/ആർ.ബി/ആർ.ഡി) വകുപ്പുകൾക്ക്